**FIRST YEAR HIGHER SECONDARY MODEL EXAMINATION – 2021**

Part II
മലയാളം
(ഉത്തര സൂചിക)

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (2 സ്കോർ വീതം ) (3X2=6)

1. ”സന്ദർശന’ത്തിൽ പ്രണയകാലത്തെസൂചിപ്പിക്കുന്നര ണ്ടു കൽപ്പനകൾ തിരഞ്ഞെടുത്തെഴുതുക.

- കൃഷ്ണകാന്തങ്ങൾ തൻ കിരണമേറ്റ ചില്ലകൾ
- നരകരാത്രികൾ, സത്രച്ചുമരുകൾ
- കുങ്കുമത്തരി പുരണ്ട ചിദംബരസന്ധ്യകൾ
- മരണവേഗത്തിലോടുന്ന വണ്ടികൾ

2.’ മത്സ്യം’ എന്ന പ്രതീകത്തിനു ചേരുന്ന രണ്ട് ആശയങ്ങൾ എഴുതുക.

- സ്വാതന്ത്ര്യദാഹിയായ വ്യക്തി.
- വാത്സല്യത്താൽ മുറിവേറ്റയാൾ.
- ഏകാകിയായ പോരാളി.
- വലക്കണ്ണികളിൽ കുടുങ്ങുന്നയാൾ.

3. ”കഴിഞ്ഞതെല്ലാം മറന്നെനിക്കു കേറിപ്പറ്റാൻ
കതകുതുറക്കുമോ ? വിളക്കു കൊളുത്തുമോ ?’
കവി ഇങ്ങനെ അഭ്യർഥിക്കുന്നത് ആരോടെല്ലാമാണ് ?

- പ്രേമവേദന പാകി മറയുന്ന ഋതുക്കളോട്.
- കവിതാസമാധിയിലുറച്ച മലകളോട്.
- ആധുനിക മനുഷ്യനോട്.
- സുഹൃത്തുക്കളോട്.

4. കവിതയിലെ പദങ്ങൾക്കുണ്ടാവണമെന്ന എം.എൻ. വിജയൻ പറയുന്ന സവിശേഷതകൾ തിരഞ്ഞെടുത്തെഴുതുക.

- അനേകം അർത്ഥങ്ങളെ നിർമ്മിക്കണം.
- വാക്കിന്റെ ഒരർത്ഥമേ ആകാവൂ.
- എല്ലാവരും ഒരേ പോലെ കാണാത്ത സിംബലുകളാവണം.
- എല്ലാകാലത്തും ഒരേ അർത്ഥത്തെ നിർമ്മിക്കണം.

5. 'കായലരികത്ത് 'എന്ന ഗാനം ആദ്യകാല സിനിമാഗാനങ്ങളിൽ വേറിട്ടുനിൽക്കുന്നതിനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

- കേരളിയത തുളുമ്പുന്ന ലളിത വരികൾ.
- പാശ്ചാത്യസംഗീതത്തിന്റെ സ്വാധീനം.
- മാപ്പിളപ്പാട്ടിന്റെ ഈണവും താളവും.
- സംസ്കൃത പദപ്രയോഗങ്ങൾ.

6 അറബി മലയാള സാഹിത്യത്തിൽ "മുഹ്യുദ്ദീൻ മാലയെ വ്യത്യസ്തമാക്കുന്ന രണ്ടുഘടകങ്ങൾ കണ്ടെത്തിയെഴുതുക.

- കാലം കൃത്യമായി രേഖപ്പെടുത്തിയ കൃതി.
- കുത്തുപാട്ട് വിഭാഗത്തിൽപ്പെടുന്ന
- സൂഫിശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്നു.
- കേരളീയ പശ്ചാത്തലമാണ്.

*(ഉത്തരമായി പരിഗണിച്ചിരിക്കുന്നവ മുഹ്യുദ്ദീൻ മാലയുടെ മാത്രം സവിശേഷതയായി കണക്കാക്കാൻ കഴിയില്ല. അതിനാൽ മറ്റ് ഉത്തരങ്ങളും പരിഗണിക്കേണ്ടിയിരിക്കുന്നു )*

7 മുതൽ 14 വരെയുള്ള പോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വിതം. (4 x 2 =8 )

7 . മറ്റു കടൽക്കാക്കകളിൽ നിന്നു ജോനാഥൻ വ്യത്യസ്തനാകുന്നതെങ്ങനെ ? രണ്ടു സൂചനകൾ എഴുതുക.

- മറ്റു കടൽക്കാക്കകളിൽനിന്ന് വ്യത്യസ്തമായി തന്റെ ജനം ഇരുളിനെ കീറിമുറിച്ചുപറക്കുക എന്ന സ്വപനം അവനുണ്ടായിരുന്നു

കൂടുതൽ ഉയരത്തിൽ പറക്കുമ്പോൾ കാഴ്ച വിശാലമാകുന്നു എന്ന കാഴ്ചപ്പാട് ഇവ കൂടാതെ സ്വാതന്ത്ര്യം,വെല്ലുവിളി ഏറ്റെടുക്കാനുള്ള ധൈര്യം, ആക്ഷേപങ്ങളിൽ പിടിച്ചു നിൽക്കാനുള്ള മനോബലം മുതലായവയും പൊതുവെ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ഉത്തരമായി പരിഗണിക്കാം.

8. "മുറുകിയോ നെഞ്ചിടിപ്പിന്റെ താളവും,
നിറയെ സംഗീതമുള്ള നിശ്വാസവും'
സന്ദർശനത്തിലെ ഈ വരികളിൽ തെളിയുന്ന ഭാവമെന്ത് ?

- പുനഃസമാഗമവേള കാമുകനിൽ ഉണ്ടാക്കുന്ന സവിശേഷമായ മാനസികാവസ്ഥയുടെ സൂചന.
- അപ്രതീക്ഷിത സമാഗമം കാമുകനിൽ സമ്മിശ്രവികാരങ്ങൾ ഉണർത്തുന്നു.
- സമാഗമം സന്തോഷവും സംഘർഷവും സൃഷ്ടിക്കുന്നുണ്ട് കാമുകനിൽ.
- പ്രണയത്തിന്റെ മറ്റുഭാവങ്ങളും ഉത്തരമായി എഴുതാവുന്നതാണ്.

9.' ഓർമ്മയുടെ ഞരമ്പ്'' എന്ന കഥയിലെ വൃദ്ധയുടെ ജീവിതത്തിന്റെ തുടർച്ചയാണ് പെൺകുട്ടിയെയും കാത്തിരിക്കുന്നതെന്നു സൂചിപ്പിക്കുന്ന ഒരു സന്ദർഭമെഴുതുക.

- വീട്ടിൽ മടങ്ങിയെത്തിയ പെൺകുട്ടി തന്റെ കഴുത്തിലെ നീല ഞരമ്പ് കണ്ണാടിയിൽ നോക്കുന്നത്.
- ആദ്യം മടുപ്പോടെ വൃദ്ധയെ സമീപിച്ച പെൺകുട്ടി അവരുടെ സാഹിത്യ ജീവിതം, വ്യക്തി ജീവിതം എന്നിവ കേട്ടറിയാൻ കൂടുതൽ താല്പര്യം കാണിക്കുന്നു.
- ഒരു ഘട്ടത്തിൽ,വൃദ്ധ പറഞ്ഞ കഥയുടെ ബാക്കി അറിയാനുള്ള ആകാംക്ഷ അവളിൽ നിന്ന് പലപ്പോഴായി ചോദ്യരൂപത്തിൽ പുറത്തുവന്നത്.
- വൃദ്ധ കഥ എഴുത്തുമായിരുന്നു എന്ന തിരിച്ചറിവിന് ശേഷം പെൺകുട്ടിയുടെ ജീവിതത്തിലൂടെ വൃദ്ധയുടെ ജീവിതം തുടരുന്നു എന്ന് അവൾ മനസിലാക്കുന്നു. അത് അവരോടുള്ള അടുപ്പം വർദ്ധിക്കാൻ കാരണമാകുന്നു. - ഇവ എല്ലാം ഉത്തരമായി പരിഗണിക്കാം.

10. "മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും
മാനുഷർ സ്നേഹിക്കും വിഹരിക്കും.'

ഊഞ്ഞാലിൽ എന്ന കവിതയിലെ ഈ വരികളിൽ തെളിയുന്ന ആശയമെന്താണ്?

- ശുഭാപ്തിവിശ്വാസം.
- ജീവിതത്തിലുള്ള പ്രത്യാശ
- മനുഷ്യജീവിയിലുള്ള വിശ്വാസം
- ഗ്രാമീണജീവിതത്തിന്റെ നന്മയും വിശുദ്ധിയും
- ഇവയും ഇതുമായി ബന്ധം കല്പിക്കാവുന്ന ആശയങ്ങളും .

11. ”ചിരിക്കകത്തുള്ള ദു:ഖത്തിന്റെ മുഴക്കം'എന്ന പ്രയോഗത്തിലൂടെ ബഷീർ പങ്കുവയ്ക്കുന്ന ചിന്തകളെക്കുറിച്ച് കുറിപ്പെഴുതുക.

- ആരാലും പങ്കുവയ്ക്കപ്പെടാത്ത ഹൃദയ വേദന.
- മരണം വരുന്നു എന്ന പേടി.(മരണഭയം)
- പുറമെ ചിരിക്കുമ്പോഴും ഉള്ളു പിടയുന്നു എന്ന ദുഃഖസത്യം.

12. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്തിൽ മരങ്ങൾക്കും വേരുകൾക്കുമൊക്കെ മനുഷ്യഭാവം കല്പിക്കുന്ന ഏതെങ്കിലും ഒരു സന്ദർഭം എഴുതുക.

- വേരുകളാൽ പ്രണയിച്ചുപോയ ഒരു പാറയെക്കുറിച്ചുള്ള പരാമർശം.
- പിഴുതെറിയാൻ വിധിക്കപ്പെട്ട വൃക്ഷങ്ങളുടെ ദയനീയമായ നില്പിനെ കുറിച്ച് പറയുന്ന സന്ദർഭം.
- ചുറ്റിലും തന്നോടൊപ്പം വളർന്ന കൂട്ടുകാരെ അവസാനമായി ഒരുനോക്കു കാണുന്ന സന്ദർഭം
- കുറവാ ദ്വീപിലെ വേരുകളെ കുറിച്ചുള്ള വിശേഷണം . ഇവകൂടാതെ മാനുഷികതലം നൽകിയുള്ള മറ്റ് സന്ദർഭങ്ങളും ഉത്തരമായി എഴുതാം

13. ”സ്വാതന്ത്ര്യലബ്ധിയ്ക്ക് ശേഷം യാതനയുടെ വേതനവും പറഞ്ഞു മന്നാട്ടു വന്ന കൂട്ടത്തിലൊന്നും ദേവി ബഹനെ കുണ്ടിരുന്നില്ലല്ലോ.' എന്നു പറയുന്നത് എന്തുകൊണ്ടാവാം ?

- ജനസേവനം നിസ്വാർത്ഥമായിരിക്കണം എന്ന സത്യം ജീവിതത്തിൽ യാഥാർഥ്യമാക്കി.
- പ്രതിഫലം വാങ്ങി എവിടെയെങ്കിലും ഒതുങ്ങിക്കൂടാൻ അവർ ആഗ്രഹിച്ചില്ല.
- ജനസേവനത്തെ കുറിച്ച് വിശാലമായ കാഴ്ചപ്പാട് അവർക്ക് ഉണ്ടായിരുന്നു.
- സമാനആശയങ്ങളും ഉത്തരമായി എഴുതാം.

14, 'അരുളിലായതെങ്കിൽഅസ്തി തോൽ

സിര നാറുന്നൊരുടമ്പു താനവൻ'എന്ന് അനുകമ്പാദശകത്തിൽ പറയുന്നതിന്റെ പൊരുളെന്ത് ?

- മനുഷ്യനിൽ ദയ എന്ന ഗുണം ഉണ്ടായിരിക്കേണ്ടുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കണം.
- അത് നഷ്ടമാകുമ്പോൾ മനുഷ്യൻ എങ്ങനെ ആയി തീരുന്നു എന്നതാണ് ഗുരു പറഞ്ഞിരിക്കുന്നത് . അത് വികസിപ്പിച്ച് എഴുതുക.
- വരികളുടെ അർത്ഥവും ആശയവും വ്യക്തമാക്കിയാലും ഉത്തരം ആകുന്നതാണ്.

15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വിതം, (5 x 4=20)

15, "സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നവരെയാണ് ചരിത്രം ഓർത്തു വയ്ക്കുന്നത്. 'ഈ പ്രസ്താവന ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്കയുടെ ജിവിതവുമായി ചേർന്നു നിൽക്കുന്നതാണോ? കുറിപ്പെഴുതുക.

- ജോനാഥന്റെ ജീവിത വീക്ഷണം എന്തായിരുന്നു എന്നതിന്റെ ആശയം ബന്ധപ്പെടുത്തി ഉത്തരം തയ്യാറാക്കുക.
- സമകാല ജീവിതത്തിലെ ഉദാഹരങ്ങൾ സമർത്ഥിക്കുവാൻ വേണ്ടി ഉപയോഗിക്കാവുന്നതാണ്

16. പ്രണയത്തിന്റെ നഷ്ടം "സന്ദർശന'ത്തിലെ നായകനിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ലഘു കുറിപ്പെഴുതുക.

- പൊൻചെമ്പകം പൂത്ത പോലെ ആയിരുന്ന മനസ്സ് കരിഞ്ഞുപോയത്
- ചുണ്ടിൽ കവിത വരണ്ടുപോയത്
- തൊണ്ടയിൽ രോദനം കുടുങ്ങി നിൽക്കുന്ന അവസ്ഥ
- പ്രണയം പതിയെ പടിയിറങ്ങിയപ്പോൾ കടന്നു വന്ന മദ്യത്തിൽ മുങ്ങിയ നരക രാത്രികൾ
- ഭൂതായനങ്ങളിൽ അലയുന്ന പ്രാണൻ... മുതലായവ.

17. "കവിതയിലെ ഈ നൃത്തം മുഖ്യമായി ശബ്ദത്തിന്റേതല്ല, അർത്ഥത്തിന്റേതാണ്. കാവ്യകലയെ കുറിച്ചുള്ള എം.എൻ. വിജയന്റെ ഈ നിരീക്ഷണം വിശദമാക്കുക.

- അവ്യവസ്ഥിതത്വം കവിതയുടെ പ്രധാന ഗുണം.
- പറയാതെ പറയുന്നതാണ് കവിത.
- പുതിയ വിജ്ഞാനമൂല്യങ്ങളുമായി പൊരുത്തപ്പെടുന്നതാകണം.
- പാഠഭാഗത്തിലെ മറ്റു ആശയങ്ങളും എഴുതാവുന്നതാണ്.

18. "ഭൂതകാലവും വർത്തമാനകാലവും ഇരുചില്ലകളാകുന്ന മരത്തിലാണ് " ഊഞ്ഞാലിൽ' എന്ന കവിതയുടെ ഊഞ്ഞാൽ കെട്ടിയിരിക്കുന്നത്. ഈ പ്രസ്താവനയോട് യോജിക്കാനാവുമോ ? കുറിച്ചെഴുതുക.

- ഭൂതവും ഭാവിയും ഒരു ഊഞ്ഞാൽ ആട്ടം പോലെ വരികയും പോവുകയും ചെയ്യുന്നുണ്ട്
- ഭൂതകാലത്തിലെയും വാർത്തമാന കാലത്തെയും ചിന്തകൾ മാറിമാറി കവി അവതരിപ്പിക്കുന്നത് വിശദീകരിക്കാം( ഭാര്യയുടെ സൗന്ദര്യം ചിരി യുവത്വത്തിന്റെ പ്രസരിപ്പ് എന്നിവ ഭൂതകാലത്തിലെ യുദ്ധം,വിഹ്വലത,അയല്പക്കത്തെ സ്ത്രീകളുടെ പാട്ട് മുതലായവ വർത്തമാനകാലത്തിലും സൂചിപ്പിക്കാം)
- മാവും അതിന്റെ ഗന്ധവും പണ്ടും ഇപ്പോഴും ഉള്ളതാണ്.

19. "അനർഘനിമിഷ'ത്തിൽ ബഷീർ സംവദിക്കുന്ന അജ്ഞാതനായ ''നീ ' നൽകുന്ന അർത്ഥസങ്കല്പങ്ങൾ എന്തൊക്കെയാവാം ?

- മരണം

- ഈശ്വരൻ
- ആത്മാവിന്റെ ശക്തി
- എന്നിങ്ങനെ വിവിധ ആശയങ്ങൾ ഉത്തരമായി പരിഗണിക്കാം

**20.** ആഗ്രഹമുണ്ടായിട്ടും തങ്കംനായർക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ് ? അഭിപ്രായക്കുറിപ്പ് എഴുതുക.

- നിലവിലെ ജീവിത സുഖങ്ങൾ നഷ്ടമാകും
- ഭർത്താവിന്റെ ഉദ്യോഗനിലയെ ബാധിക്കും
- കുട്ടികളുടെ  ഭാവിയെ ബാധിക്കും
- കുടുംബജീവിതത്തിലെ കെട്ടുപാടുകൾ
- ഇത്തരം പലകാരണങ്ങൾ ഉത്തരമാണ്

**21.** ജനപ്രിയസിനിമയെക്കുറിച്ചുള്ള പഠനം,അത് പ്രവർത്തിക്കുന്ന സമൂഹത്തെ മനസിലാക്കുന്നതിന് സഹായിക്കുന്നുണ്ടോ ? "സിനിമയും സമൂഹവും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

- പ്രസ്താവനയെ അനുകൂലിച്ചോ പ്രതികൂലിച്ചോ സമ്മിശ്രമായോ അഭിപ്രായങ്ങൾ കുറിക്കാവുന്നതാണ്
- പാഠഭാഗത്തിൽ ലേഖകൻ പറയുന്ന കാര്യങ്ങളെ യുക്തിക്കു നിരക്കും വിധം സ്വാഭിപ്രായം രേഖപ്പെടുത്തി സമർത്ഥിക്കാവുന്നതാണ്.

**22.** എത്രത്തോളം ഹൃദ്യവും സൂക്ഷ്മവുമായിട്ടാണ് കൃഷ്ണന്റെ ബാല്യകാലസ്മരണകൾ "പീലിക്കണ്ണുകൾ" എന്ന പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത് ? ഏതെങ്കിലും രണ്ടു സന്ദർഭത്തെ  മുൻനിർത്തി കുറിപ്പെഴുതുക.

- അമ്മയുമായി ബന്ധപ്പെട്ട ഓർമ്മകൾ
- അച്ഛനുമായി ബന്ധപ്പെട്ട ഓർമ്മകൾ
- ചങ്ങാതിമാരുമായി ബന്ധപ്പെട്ട ഓർമ്മകൾ
- കാളിന്ദി നദിയും നദിക്കരയുമായി ബന്ധപ്പെട്ട ഓർമ്മകൾ

**23.** കളവു ചീത്തയാണെന്നും തന്റെ തൊഴിലും താവഴിയും മാറ്റുന്നതാണ് നല്ലതെന്നും

ഇക്കണ്ടക്കുറിച്ച് ചിന്തിക്കാനിടയാ സാഹചര്യം വ്യക്തമാക്കുക.

- പ്രണയിനി സമ്മാനിച്ച ഊരാഞ്ചാടി ആയ മോതിരം നഷ്ടമായതും അതിനെ തുടർന്ന് ഇക്കണ്ടകുറുപ്പ് ജയിലിൽ അടയ്ക്കപ്പെടുന്നതുമായ സന്ദർഭത്തിന്റെ വിശദീകരണം.

24. അരികുവൽക്കരിക്കപ്പെടുന്ന സ്ത്രീജീവിതത്തിന് ആത്മബലം നൽകാനാണോ സംക്രമണത്തിൽ കവി ശ്രമിക്കുന്നത്?അപഗ്രഥനക്കുറിപ്പ് എഴുതുക .

- സ്ത്രീയുടെ ദൈന്യത വിവരിക്കുന്ന ഭാഗങ്ങളും തുടർന്ന് വരുന്ന ഉടൽ മാറ്റം സംഭവിച്ച സ്ത്രീയുടെ ഭാവങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഉത്തരം തയ്യാറാക്കുക.

24 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുകം. 6 സ്കോർ വീതം (3 x 6 - 30)

25. “ജീവിതത്തെ വർണാഭമാക്കുന്ന മൂല്യവത്തായ അനുഭവങ്ങളിൽ ഒന്നാണ് പ്രണയം, സന്ദർശനം എന്ന കവിതയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

- പ്രണയത്തിന്റെ മനോഹാരിതയും അത് നഷപ്പെട്ടുമ്പോൾ ഉണ്ടാകുന്ന വിഹ്വലതകളും പദഭാഗത്തെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരമായി എഴുതുക.ഇതര കവികളുടെ സമാനമായതോ അല്ലാത്തതോ ആയ കാവ്യസന്ദർഭങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

26. ”പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം’... (ഓർമ്മയുടെ ഞരമ്പ്)
സ്ത്രീകളുടെ അവസ്ഥ സമകാലികസമൂഹത്തിലും ഇതുതന്നെയാണോ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

- പാഠഭാഗത്തെ സൂചനകൾക്കൊപ്പം വാർത്താപ്രാധാന്യം നേടിയ സമകാലിൽ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക. സ്ത്രീധനവുമായി ബന്ധപ്പെട്ട പീഡനങ്ങൾ മരണങ്ങൾ കൊലപാതകങ്ങൾ എന്നിവ കൂടാതെ മതപരമായും ലിംഗപരമായും മറ്റും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും സൂചിപ്പിക്കേണ്ടതാണ്

27. “വേരുകൾ നഷ്ടപ്പെടുത്തുന്നവർ” എന്ന ശീർഷകം പ്രകൃതി ചൂഷണം മനുഷ്യജീവിതത്തെയും ഒരു പോലെ ആവിഷ്കരിക്കുന്നുണ്ടോ ? വിശകലനം ചെയ്യുക.

- വനം കയ്യേറുകയും ലാഭക്കൊതികൊണ്ട് മരങ്ങൾ പിഴുതെറിയുകയും ഭ്രമിയുടെ ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തുകയും ചെയ്യുമ്പോൾ മനുഷ്യരാശിയുടെ മാത്രമല്ല സർവ്വ ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ആണ് ദോഷകരമായി ബാധിക്കുന്നത് എന്ന ആശയം വരത്തക്കവിധം ലേഖകൻ പറഞ്ഞ കാര്യങ്ങൾ സമർത്ഥിക്കുക. ആശയത്തെ ശീർഷകവുമായി ബന്ധിപ്പിക്കുക.

**28.** വ്യവസ്ഥയോട് സമരം ചെയ്യുന്ന "മത്സ്യം' ചെറുത്തുനിൽക്കുന്ന മനുഷ്യന്റെ പ്രതീകമായി മാറുന്നുണ്ടോ ? വിശകലനക്കുറിപ്പ് എഴുതുക

- മത്സ്യത്തെ മനുഷ്യന്റെ പ്രതീകമായികാണുകയും ലോകത്തിന്റെയും ജീവിതത്തിന്റെയും വിവിധ കോണുകളിൽ മനുഷ്യൻ നടത്തിയിട്ടുള്ളതും നടത്തിക്കൊണ്ടിരിക്കുന്നതുമായ ഒറ്റയാൻ പോരാട്ടങ്ങളെയും വിശദീകരിക്കുക.അവ വിജയം വരിച്ചോ ഇല്ലയോ എന്നത് പരിഗണിക്കേണ്ടതില്ല.രാഷ്ട്രീയവും മതപരവും സാംസ്കാരികവും തൊഴിൽപരവും ലിംഗപരവും ഒക്കെയായ ജീവിതയാഥാർഥ്യങ്ങൾ പ്രതിപാദിക്കാവുന്നതാണ്.

**29.** "പറയാനുള്ളത് നേരെചൊവ്വേ പറഞ്ഞതിട്ട് പോവുക എന്നത് മൂഢകാവ്യ സിദ്ധാന്തമാണ്. '-എം.എൻ. വിജയന്റെ ഈ അഭിപ്രായത്തെ കാവ്യകലായ കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

- അവ്യവസ്ഥിതത്വം കവിതയുടെ പ്രധാന ഗുണം.
- പറയാതെ പറയുന്നതാണ് കവിത.
- പുതിയ വിജ്ഞാനമൂല്യങ്ങളുമായി പൊരുത്തപ്പെടുന്നതാകണം.
- ഇവ പ്രധാന ആശയങ്ങളാണ് .ഇതോടൊപ്പം ലേഖകൻ പാഠഭാഗത്തിൽ പറഞ്ഞിട്ടുള്ള ഏതാനും ആശയങ്ങൾ കൂടി ചേർത്ത് ഉത്തരം തയ്യാറാക്കാം

**30.** മരണത്തിന്റെ ഇരുണ്ട ഗുഹാമുഖം ദർശിക്കുന്ന മനുഷ്യന്റെ മാനസിക വിഭ്രമവും ദുഖവും അനർഘ നിമിഷത്തിൽ പ്രതിപാദിക്കുന്നുണ്ടോ? നിഗമനങ്ങൾ അവതരിപ്പിക്കുക?

- മരണവുമായി മുഖാമുഖം  കണ്ട് വേർപാട് എന്ന മഹാവിധിയെ സ്വീകരിക്കുകയല്ലാതെ മറുവഴി ഇല്ലെന്നു തിരിച്ചറിയുന്ന നിസ്സഹായതയുടെ കാഴ്ചപ്പാടിലൂടെ ഉത്തരംതയാറാക്കണം. നിസ്സഹായത സമ്മാനിക്കുന്ന നിസ്സംഗതയും പരാമർശിക്കാവുന്നതാണ്.

31. ഒരു കാലഘട്ടത്തിന്റെ രണ്ടുമുഖങ്ങളായി ദേവകി മാനമ്പള്ളിയും തങ്കം നായരും മാറുന്നതെങ്ങനെ ? ലഘൂപന്യാസം തയ്യാറാക്കുക.

- ഒരാൾ സ്വന്തം സുഖത്തിനു പ്രാധാന്യം കൊടുത്തപ്പോൾ മറ്റേയാൾ സമൂഹത്തിന്റെ സുഖത്തിനു വേണ്ടി പോരാടി
- രണ്ടു കഥാപാത്രങ്ങളെയും കൃതിയിൽ അവതരിപ്പിച്ചിട്ടുള്ള സ്വഭാവ സവിഷേതകളോടെ താരതമ്യം ചെയ്ത് ഉത്തരം തയ്യാറാക്കുക.

32, വിധിയും സമൂഹവും ഒരുപോലെ വേട്ടയാടുന്ന സാധാരണക്കാരന്റെ നൊമ്പരങ്ങളും പ്രത്യാശകളും നിറഞ്ഞ ജീവിതമാണ് "ബൈസിക്കിൾ തീവ്സി'ന്റെ പ്രമേയത്തെ വ്യത്യസ്തമാക്കുന്നത്. അപ്രഗഥനകുറിപ്പു തയ്യാറാക്കുക.

- അന്റോണിയോ റിച്ചിയും  കുടുംബവും അനുഭവിക്കുന്ന കഷ്ടതകൾ അതിൽ നിന്ന് കരകയറാൻ കുടുംബം ചെയ്യുന്ന കാര്യങ്ങൾ മോഷണം മുതലായ സന്ദർഭങ്ങൾ വിശദീകരിച്ചു കുറിപ്പ് എഴുതണം

33. സ്വന്തം കാലിനടിയിലെ മണ്ണ് നാം പോലുമറിയാതെ ചോർന്നു പോകുന്നതിന്റെ ആശങ്കയല്ലേ "കൈപ്പാട് ", "കേൾക്കുന്നുണ്ടാ" എന്നീ  ചലച്ചിത്രങ്ങളിൽകാണാനാകുന്നത് ? സ്വാഭിപ്രായമെഴുതുക.

- ഇരു ചിത്രങ്ങളിലും പരിസ്ഥിതി പ്രാധാന്യത്തോടുകൂടി കടന്നുവരുന്നുണ്ട്. ചിത്രങ്ങൾ മുന്നോട്ടു വയ്ക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിശദമാക്കിയാൽ മതിയാകും

,

34. ഇനിയും അറ്റുപോയിട്ടില്ലാത്ത സ്നേഹത്തിന്റെ, പൊക്കിൾക്കൊടി ബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കരണമായി 'ശസ്ത്രക്രിയ' എന്ന കഥയെ വിലയിരുത്താവുമോ ? ലഘൂപന്യാസം തയ്യാറാക്കുക.

- കൃതിയിലെ അമ്മ മകൻ ബന്ധത്തിന്റെ തീവ്രത വെളിവാക്കുന്ന സന്ദർഭങ്ങൾ പരാമർശിച്ചുകൊണ്ട് ഉത്തരത്തിലേക്ക് എത്താം. കൃതിയിൽ ഉള്ള മറ്റു മനുഷ്യ ബന്ധങ്ങളും പരാമർശിക്കാവുന്നതാണ്

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിരൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം (2 x 8 = 16)**

**35.** ”ഓർമയുടെ ഞരമ്പ്” എന്ന കഥയിലെ വൃദ്ധന്റെയും പെൺകുട്ടിയും സ്വാതന്ത്ര്യം എത്രത്തോളം പ്രധാനപ്പെട്ടതാണ് ? ഉപന്യാസം തയ്യാറാക്കും.

- സ്ത്രീ സ്വാതന്ത്ര്യം
- ആവിഷ്കാര സ്വാതന്ത്ര്യം
- വ്യക്തി സ്വാതന്ത്ര്യം
- ദേശ സ്വാതന്ത്ര്യം

സ്വാതന്ത്ര്യം എന്നത് പ്രാധാന്യം നൽകി ഉപന്യാസം എഴുതുക .

*മുഖവുര ,ആശയാവതരണം ,ഉപസംഹാരം എന്ന ഘടനയിൽ വേണം ഏത് ഉപന്യാസവും എഴുതേണ്ടത്.*

*ഖണ്ഡിക തിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കണം*

**36.** പ്രകൃതിയുടെ നേരറിവിൽനിന്ന് സ്വാശീകരിച്ച പാഠങ്ങളാണ് 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്ത് കാണുന്നത്. വിശദമാക്കുക.

- ലേഖകൻ പാഠഭാഗത്തു വിവരിച്ച അനുഭവങ്ങൾ പ്രാധാന്യം അനുസരിച്ചും ക്രമമായും രേഖപ്പെടുത്തുക.

**37.** കാലം കഴിയുമ്പോൾ ജീവിതക്കുപ്പായത്തിന്റെ നിറം മങ്ങുന്നു ഊഞ്ഞാലിൽ എന്ന കവിതയിലെ നായികാനായകന്മാരുടെ ജീവിതത്തിലും ഇത് തന്നെയാണോ സംഭവിക്കുന്നത് ? ഉപന്യാസം തയ്യാറാക്കുക

- കാലം കഴിയും തോറും ദൃഢമായിക്കൊണ്ടിരിക്കുന്ന ദാമ്പത്യം.
- ജീവിത സായാഹ്നത്തിലും ബന്ധത്തിന് പുതുമയും പ്രസരിപ്പും.
- ജീവിതത്തെ കുറിച്ചുള്ള ഹൃദ്യമായ കാഴ്ചപ്പാട്
- വാർധക്യത്തോടുള്ള സമീപനം

38. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ തീക്ഷണത ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിൽ ലളിതാംബിക അന്തർജ്ജനം എത്രത്തോളം ശക്തമായി അവതരിപ്പിക്കുന്നു? വിശകലനം ചെയ്യുക.

- കൃതിയിലെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ അടർത്തിയെടുത്തു വിശദീകരിക്കുക.
- ഭാഷാപരമായ പ്രത്യേകതയും വിശദമാക്കാം.